**പതിമൂന്നാം കേരള നിയമസഭ - ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1417 12/07/2011-ൽ മറുപടിയ്ക്ക്

## നബാർഡ് സഹായത്തോടെയുള്ള പാലങ്ങളുടെ നിർമ്മാണം

| ചോദ്യം<br>ശ്രീ എസ്. ശർമ്മ | മറുപടി<br>ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
|---|---|
| ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിനു കീഴിൽ നബാർഡ് സഹായത്തോടെ ടെൻഡർ നടപടി പൂർത്തീകരിച്ചുവരുന്ന കുഞ്ഞിത്തൈ- ചെട്ടിക്കാട് പാലത്തിന്റെയും വാവക്കാട് കൊട്ടുവള്ളിക്കാട് പാലത്തിന്റെയും നിർമ്മാണം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ? | നബാർഡ് ആർ.ഐ.ഡി.എഫ്. XVI-ൽ ഉൾപ്പെടുത്തി 310 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതുപ്രകാരം കുഞ്ഞിത്തൈ-ചെട്ടിക്കാട് പാലത്തിന്റെ നിർമ്മാണത്തിനായുള്ള ടെൻഡർ നടപടികൾ പൂർത്തീകരിക്കുകയും കരാറുകാരന് 30/06/2011-ൽ സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. കരാർവച്ച് പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്. നബാർഡ് ആർ.ഐ.ഡി.എഫ്-XVI-ൽ ഉൾപ്പെടുത്തി 183 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കൊട്ടുവള്ളിക്കാട്-വാവക്കാട് പാലത്തിന്റെ നിർമ്മാണത്തിന് മുൻ യോഗ്യതാനിർണ്ണയത്തിനുള്ള ദർഘാസ് 20/06/2011 അവസാന തീയതിയായി ക്ഷണിച്ചതനുസരിച്ച് ലഭിച്ചിട്ടുള്ള ദർഘാസുകൾ പരിശോധിച്ചുവരുന്നു. ഈ പ്രവൃത്തി ആഗസ്റ്റ് മാസത്തിൽ ആരംഭിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ